# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **1963** | 08.03.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. പ്രശ്നങ്ങൾക്ക് പരിഹാരമായി സുവിധാ കേന്ദ്രങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഡോ.ടി.എം.തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് അക്ഷയ കേന്ദ്രങ്ങളുടെ മാതൃകയിൽ സുവിധാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നിർദ്ദേശമുണ്ടോ; | (എ) യും (ബി) യും (സി) യും | ചരക്ക് സേവന നികുതിദായകരുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള തുടർ പ്രവർത്തനങ്ങൾക്ക് കോൾ സെന്ററുകളായി അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി യെ സംബന്ധിച്ച പൊതുജനങ്ങളുടെയും വ്യാപാരികളുടെയും സംശയനിവാരണത്തിനായി സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ വകുപ്പിന്റെ സംസ്ഥാനമൊട്ടാകെയുള്ള എല്ലാ ഓഫീസുകളിലും ഹെൽപ്പ്ഡെസ്കുകളും പ്രവർത്തിക്കുന്നുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന ജി.എസ്.ടി ഹെൽപ്പ്ഡെസ്കുകളുടെ ഫോൺ നമ്പറും ഇ-മെയിൽ അഡ്രസ്സും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ഏതൊക്കെ സേവനങ്ങളാണ് പ്രസ്തുത സുവിധാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുകയെന്ന് വ്യക്തമാക്കുമോ; | | |
| (സി) | നികുതിദായകർ നൽകുന്ന ഡേറ്റാകൾക്ക് അനുസൃതമായി എളുപ്പത്തിൽ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള സംവിധാനം പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കുമോയെന്ന് വിശദമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**